## പ്രധാനവാർത്തകൾ

1. കേരളത്തിലെ 10 ആരോഗ്യസ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം; അംഗീകാരം നേടിയ സ്ഥാപനങ്ങളുടെ എണ്ണം 375 ആയി ഉയർന്നു .

2. മാതൃകാ 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻറെ നിർമ്മാണ പ്രവർത്തികൾ മന്ത്രി അബ്ദുൽ ഗഫൂർ മലപ്പുറത്ത് ഉദ്ഘാടനം ചെയ്തു.

3. മുൻ ചിറ്റൂർ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ അച്യുതൻ അന്തരിച്ചു.

4. സംസ്ഥാനത്ത് ഇന്നും നാളെയും താപനില 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

5. ഡൽഹിയിൽ കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ മരണം ആറായി; അപകടകരമായ മറ്റ് കെട്ടിടങ്ങൾ പൊളിച്ചു നീക്കാൻ തീരുമാനം.

6. ദുലീപ് ട്രോഫി ഫൈനലിൽ സൗത്ത് സോണിനെതിരേ ഈസ്റ്റ് സോൺ മികച്ച സ്കോറിലേക്ക്.

RNUTVPM

## ദേശീയ ഗുണനിലവാര അംഗീകാരം

സംസ്ഥാനത്തെ 10 ആരോഗ്യസ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം. ഇതോടെ സംസ്ഥാനത്തെ ആകെ 375 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. പൊതു ആരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപയും വാർഷിക ഇൻസെന്റീവ് ലഭിക്കും..

❄❄❄❄❄❄❄❄❄❄❄❄❄

## ഭിന്നശേഷി പുനരധിവാസ ഗ്രാമം

മാതൃകാ 'ഭിന്നശേഷി പുനരധിവാസ ഗ്രാമ'ത്തിൻറെ നിർമ്മാണ പ്രവർത്തികൾ മന്ത്രി അബ്ദുൽ ഗഫൂർ മലപ്പുറത്ത് ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസവും ശാക്തീകരണവും ലക്ഷ്യമിട്ടുള്ള പദ്ധതി അഞ്ച് ഏക്കർ സ്ഥലത്ത് അത്യാധുനിക സൗകര്യങ്ങളോടെയാണ് യാഥാർത്ഥ്യമാകുന്നത്. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം ഉൾപ്പെടെ എല്ലാ സേവനങ്ങളും ഒരൊറ്റ കുടക്കീഴിൽ സാധ്യമാക്കുകയാണ് ലക്ഷ്യം . ഉദ്ഘാടനത്തോടനുബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ സർഗോത്സവം അരങ്ങേറി.

❄❄❄❄❄❄❄❄❄❄❄❄❄

## വി.ഇ. അബ്ദുൾ ഗഫൂർ

സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമ പദ്ധതിയുടെ ഭാഗമായി കാസർഗോഡ്, വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നാളെ മഞ്ചേശ്വരം ഹാർബർ പരിസരത്ത് നടക്കും. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന വഴിയുള്ള നവീകരണം സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ

PNU TVPM

ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. സഞ്ചരിക്കുന്ന മൽസ്യ-വെൻഡിംഗ് -പ്രോസസിംഗ് കിയോസ്കുകളുടെ വിതരണത്തിൻറെ പ്രവർത്തനോദ്ഘാടനം മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ നിർവഹിക്കും.

## കെ അച്യുതൻ

മുൻ ചിറ്റൂർ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ അച്യുതൻ അന്തരിച്ചു. ചിറ്റൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1996, 2001, 2006, 2011 വർഷങ്ങളിൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ദീർഘകാലം മണ്ഡലത്തിൻറെ ജനപ്രതിനിധിയായി പ്രവർത്തിച്ചു. കർഷകൻ, സഹകരണ പ്രവർത്തകൻ, രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു. നിര്യാണത്തിൽ രാഷ്ട്രീയ-സാമൂഹിക രംഗത്തെ നിരവധി പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

## ചൂട്

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. ഇന്നും നാളെയും 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സെപ്തംബറിൽ സാധാരണയിലധികം ചൂടിനു കാരണമാകുന്നത് എൽനിനോ പ്രതിഭാസമാണെന്നു പഠനങ്ങൾ പറയുന്നു. ചൂട് വർധിക്കുന്നത് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും, ദാഹമില്ലെങ്കിലും വെള്ളം കുടിക്കണമെന്നും നിർദേശത്തിൽ പറയുന്നു. പുറം ജോലികളിൽ ഏർപ്പെടുന്നവർ ഉച്ച സമയത്ത് നേരിട്ട് വെയിൽ ഏൽക്കുന്നത്ത് പരമാവധി ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.\

RNUTVPM

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ചിറ്റൂർ മേഖലയിലെ ജലക്ഷാമം ഒന്നാംവിള നെൽകൃഷി പ്രതിസന്ധിയിലാക്കിയതായി
കർഷകർ. നടീൽ കഴിഞ്ഞ് രണ്ടു മാസമായ കൃഷിയാണ് ഉണക്ക ഭീഷണി നേരിടുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄

## യോഗം മാറ്റിവെച്ചു

എഐസിസി ആസ്ഥാനത്ത് ഇന്ന് വൈകീട്ട് നടത്താൻ നിശ്ചയിച്ചിരുന്ന മുഖ്യമന്ത്രിമാരുടെയും വിദ്യാഭ്യാസ മന്ത്രിമാരുടെയും ഉന്നതതല യോഗം മാറ്റിവെച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയ്ക്ക് അസൗകര്യങ്ങൾ ഉണ്ടായതിനെ തുടർന്നാണ് തീരുമാനം. യോഗം മാറ്റിവെച്ചതിനെ തുടർന്ന് യോഗത്തിൽ പങ്കെടുക്കാനായി ദില്ലിയിലെത്തിയ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉച്ചകഴിഞ്ഞ് കേരളത്തിലേയ്ക്ക് മടങ്ങും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം വ്യാഴാഴ്ച അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന വെള്ളിയാഴ്ച നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 14 ആണ്. 28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29 ന് നടക്കും.

❄❄❄❄❄❄❄❄❄❄❄❄❄

## വെസ്റ്റേൺ സോണൽ കൗൺസിൽ

ഗോവയിലെ പനാജിയിൽ ഇന്ന് നടക്കുന്ന പടിഞ്ഞാറൻ മേഖല കൗൺസിലിന്റെ 28-ാമത് യോഗത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ അന്തർസംസ്ഥാന കൗൺസിൽ സെക്രട്ടേറിയറ്റാണ്

യോഗം സംഘടിപ്പിക്കുന്നത്. ഗോവ സർക്കാറിന്റെ ആതിഥേയത്വത്തിൽ നടക്കുന്ന യോഗത്തിൽ ഗുജറാത്ത്, മഹാരാഷ്ട്ര, ദാദ്ര, നാഗർ ഹവേലി, ദാമൻ, ദിയുഅടക്കമുള്ള അംഗങ്ങൾ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄

## ഐഎസ്ആർഒ

ഐഎസ്ആർഒയെ സ്വകാര്യവൽക്കരിക്കാനും അതിന്റെ പ്രാധാന്യം കുറയ്ക്കാനും ശ്രമങ്ങൾ നടക്കുന്നു എന്ന തരത്തിൽ സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് ഐഎസ്ആർഒ. ബഹിരാകാശ രംഗത്ത് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നത് ഇന്ത്യയുടെ പുതിയ ബഹിരാകാശ ദൗത്യങ്ങൾ മെച്ചപ്പെടുത്താൻ ഇസ്റോയെ പ്രാപ്തമാക്കുമെന്നും അവർ കൂട്ടിച്ചേർത്തു. ബഹിരാകാശ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതോടെ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ബഹിരാകാശ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്നും ഇസ്റോ വ്യക്തമാക്കി.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄

## മമ്മൂട്ടി - എം.ആർ.ഗോപകുമാർ (ഇൻട്രോ)

മലയാളത്തിൻറെ പ്രിയനടൻ മമ്മൂട്ടിക്ക് ഇന്ന് 75-ൻറെ നിറവ്. പുറമെ പരുക്കൻ ഭാവമാണെങ്കിലും പ്രകടനങ്ങളില്ലാത്ത പച്ചയായ മനുഷ്യനാണ് മമ്മൂട്ടിയെന്ന്, ജൻമദിനത്തിൽ ആശംസകൾ നേർന്നുകൊണ്ട് സഹപ്രവർത്തകനും പ്രശസ്ത അഭിനേതാവുമായ ശ്രീ എം.ആർ.ഗോപകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

❄❄❄❄❄❄❄❄❄❄❄❄❄

## രേഖ ഗുപ്ത

ന്യൂഡൽഹിയിലെ സത്യ നികേതൻ പ്രദേശത്ത് കെട്ടിടം തകർന്ന സ്ഥലം ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയും മന്ത്രി മഞ്ജീന്ദർ സിംഗ് സിർസയും സന്ദർശിച്ചു. കെട്ടിടത്തിന്റെ 80 ശതമാനത്തോളം അവശിഷ്ടങ്ങൾ നീക്കം ചെയ്തതായി സ്ഥിതിഗതികൾ

വിലയിരുത്തിയ ശേഷം അവർ മാധ്യമങ്ങളോട് പറഞ്ഞു. ദുരന്തത്തിൽ ആറ് പേർ മരിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. കെട്ടിട ഉടമയുടെ അശ്രദ്ധ മൂലമാണ് ദുരന്തം സംഭവിച്ചതെന്നും ഉടമയ്ക്കെതിരെ നടപടിയെടുക്കുമെന്നും രേഖ ഗുപ്ത പറഞ്ഞു. സമീപത്തുള്ള മറ്റ് അപകടകരമായ കെട്ടിടങ്ങൾ കണ്ടെത്തി പൊളിച്ചുമാറ്റുമെന്ന് ഡൽഹി മുഖ്യമന്ത്രി ഉറപ്പ് നൽകി.

❄❄❄❄❄❄❄❄❄❄❄❄❄

## R ശരത് അന്തരിച്ചു

പ്രശസ്ത ചലച്ചിത്ര സംവിധായകൻ R ശരത് അന്തരിച്ചു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഒൻപത് അന്താരാഷ്ട്ര പുരസ്കാരങ്ങളും ഒരു ദേശീയ പുരസ്കാരവും നാല് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും നേടിയിട്ടുണ്ട്. 2000-ൽ പുറത്തിറങ്ങിയ 'സായഹ്നം' എന്ന ചിത്രത്തിലൂടെയാണ് ശരത് ചലച്ചിത്രരംഗത്തേക്ക് കടന്നുവരുന്നത്. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു.

❄❄❄❄❄❄❄❄❄❄❄❄❄

## ടി.എൻ. കൃഷ്ണൻകുട്ടി അന്തരിച്ചു

ഛായാഗ്രാഹകൻ ടി.എൻ. കൃഷ്ണൻകുട്ടി അന്തരിച്ചു. 96 വയസായിരുന്നു. എഴുപതിൽപരം സിനിമകളുടെ ഛായാഗ്രാഹകനാണ്. 1960ൽ ഉദയാ നിർമ്മിച്ച് കുഞ്ചാക്കോ സംവിധാനം ചെയ്ത 'ഉമ്മ' എന്ന സിനിമയ്ക്ക് വേണ്ടിയാണ് ആദ്യമായി ക്യാമറ ചലിപ്പിച്ചത്. സംസ്കാരം ഉച്ചയ്ക്ക് ആലപ്പുഴയിലെ വീട്ടുവളപ്പിൽ.

❄❄❄❄❄❄❄❄❄❄❄❄❄

## ദുലീപ് ട്രോഫി

ദുലീപ് ട്രോഫി ഫൈനലിൽ സൗത്ത് സോണിനെതിരേ ഈസ്റ്റ് സോൺ മികച്ച സ്കോറിലേക്ക്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഈസ്റ്റ് സോൺ 5 വിക്കറ്റിന് 491 റൺസ് എന്ന നിലയിലാണ്. ക്യാപ്റ്റൻ ഇഷാൻ കിഷൻ 171 റൺസുമായി ക്രീസിലുണ്ട്. കുമാർ കുശാഗ്ര സെഞ്ചുറി നേടി പുറത്തായി.

RIU TVPM

❄❄❄❄❄❄❄❄❄❄❄❄❄

## ഏഷ്യൻ കപ്പ് ഫുട്ബോൾ

അണ്ടർ 20 ഏഷ്യൻ കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ ഇടം നേടി ഇന്ത്യ . താഷ്കന്റിൽ ഇന്നലെ നടന്ന അവസാന യോഗ്യതാ മത്സരത്തിൽ എതിരില്ലാത്ത 3 3 ഗോളിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ ടൂർണമെന്റ് പ്രവേശനം . അടുത്ത വർഷം മാർച്ച് 24 ന് ചൈനയിലാണ് ടൂർണമെന്റ്.

❄❄❄❄❄❄❄❄❄❄❄❄❄

## GST ദേശീയ സെമിനാർ

രാജ്യത്തെ GST സംവിധാനത്തിലെ രണ്ടാം തലമുറ പരിഷ്കാരങ്ങളും അവ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയിലും ധനനയത്തിലും ചെലുത്തുന്ന സ്വാധീനവും ചർച്ച ചെയ്യുന്നതിനായുള്ള ദ്വിദിന ദേശീയ സെമിനാർ തിരുവനന്തപുരത്തെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ കൂടിയായ മുഖ്യമന്ത്രി വി. ഡി. സതീശൻ സെമിനാറിന്റെ ഔദ്യോഗിക ഉദ്ഘാടനം നാളെ നിർവഹിക്കും. പ്രമുഖ സാമ്പത്തിക വിദഗ്ധൻ പ്രൊഫസർ എം എ ഉമ്മനെ ചടങ്ങിൽ ആദരിക്കും. രാജ്യത്തെ പ്രമുഖ സാമ്പത്തിക വിദഗ്ധർ, ഭരണാധികാരികൾ, നയരൂപീകരണ വിദഗ്ധർ, അക്കാദമിക് രംഗത്തെ പ്രമുഖർ എന്നിവർ സെമിനാറിൽ അണിനിരക്കും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄❄❄❄❄❄

❄❄❄❄❄❄❄❄